എക്സൈസ് റെയിഡിൽ പിടിച്ചെടുക്കുന്ന തൊണ്ടിമുതലുകളുടെ ഡിസ്പോസലും ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കലും

105 [1908] ശ്രീ. കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എക്സൈസ് വകുപ്പ് എന്തെല്ലാം കരുതൽ നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) എക്സൈസ് റെയ്ഡിൽ പിടിച്ചെടുക്കുന്ന സ്പിരിറ്റും വാഹനങ്ങളും മറ്റ് തൊണ്ടി മുതലുകളും ഡിസ്പോസ് ചെയ്യുന്നതിന്റെ മാനദണ്ഡം അറിയിക്കുമോ;

(സി) ഈ മാനദണ്ഡം കാലോചിതമായി പരിഷ്ക്കരിക്കാനും നിശ്ചിത കാല പരിധിക്കുള്ളിൽ ഉടമാവകാശം തെളിയിക്കാത്ത തൊണ്ടി മുതലുകൾ ലേലം ചെയ്യാനും നടപടികൾ സ്വീകരിക്കുമോ;

(ഡി) എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രമോഷൻ വൈകാതിരിക്കാനും ഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഇ) റെയ്ഡിന് പോകുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് ആധുനിക കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും സുരക്ഷാ സംവിധാനവും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. വ്യാജമദ്യവുമായി ബന്ധപ്പെട്ട എല്ലാ കുറ്റകൃത്യങ്ങളും, അബ്കാരി നിയമ ലംഘനങ്ങളും തടയുന്നതിനായി എല്ലാ റേയിഞ്ചുകളിലും രഹസ്യ വിവരങ്ങൾ ശേഖരിച്ചുവരുന്നു. രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനായി സംസ്ഥാനത്ത് ഒരു എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ വിംഗിന് രൂപം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. അന്യ സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി കടത്തികൊണ്ടു വരുന്ന സ്പിരിറ്റ്, വ്യാജമദ്യം എന്നിവ കേരളത്തിലെ ചെക്ക് പോസ്റ്റുകളിൽകൂടി കടത്തിക്കൊണ്ട് പോകുന്നത് തടയുവാൻ ചെക്ക് പോസ്റ്റുകളിൽ കർശനമായ എക്സൈസ് പരിശോധന ഏർപ്പെടുത്തിയിട്ടുണ്ട്.

3. വൻതോതിൽ വ്യാജമദ്യ നിർമ്മാണം, വിപണനം എന്നിവ നടക്കുന്ന സ്ഥലങ്ങളിൽ റവന്യൂ, പോലീസ്, വനം, എക്സൈസ് എന്നീ വകുപ്പുകളുടെ സംയുക്ത റെയിഡുകൾ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. ജനപ്രതിനിധികൾ ഉൾപ്പെടെ സംസ്ഥാന, ജില്ലാ, ബ്ലോക്ക്തല കമ്മിറ്റി മീറ്റിംഗുകൾ കൂടി അവലോകനം നടത്തി വിവരങ്ങൾ ശേഖരിച്ച് വ്യാജ വാറ്റു വിൽപ്പനയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. സർക്കാർ നിയന്ത്രണത്തിൽ കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷൻ കൺസ്യൂമർ ഫെഡ് എന്നീ സ്ഥാപനങ്ങൾ വഴി ന്യായമായ വിലയ്ക്ക് മദ്യം നൽകി വരുന്നു. ഇത്തരത്തിലുള്ള വിദേശമദ്യ റീട്ടെയിൽ കടകളുടെ എണ്ണം 300-ൽ നിന്നു 351 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

6. ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വകുപ്പിനെ നവീകരിച്ചുകൊണ്ടിരിക്കുന്നു.

7. വ്യാജ മദ്യം വിൽക്കുന്നതിൽ ഒന്നിലധികം പ്രാവശ്യം കേസ് എടുത്തിട്ടുള്ള പ്രതികൾക്കെതിരായി സി.ആർ.പി.സി. 107, 108, 110 അനുസരിച്ചുള്ള കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) എക്സൈസ് റെയ്ഡിൽ പിടിച്ചെടുക്കുന്ന സ്പിരിറ്റ് വേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണർ ചെയർമാനായുള്ള ഒരു ഡിസ്പോസൽ കമ്മറിക്ക് ജി.ഒ.(പി.) നം.148/2002/നി.വ. തീയതി 10-10-2002 പ്രകാരം രൂപം നൽകി പ്രവർത്തിച്ചുവരുന്നു.

1. തൊണ്ടി വക സ്പിരിറ്റ് കേസിന്റെ അന്തിമ വിധി വരുന്നതിനു മുമ്പ് ഡിസ്പോസ് ചെയ്യുന്നതിലേക്കായി അബ്കാരി ആക്ടിൽ പുതുതായി നമ്പർ 917/എൻ.ഇ.ജി./എ2/2003/ലോ. തീയതി 6-3-2003 പ്രകാരം ഒരു സെക്ഷൻ 53 എ ചേർത്ത് നടപടികൾ നടത്തിവരുന്നു.

2. അബ്കാരി കേസിൽ ഉൾപ്പെട്ട സ്പിരിറ്റ് നിയമാനുസരണം സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയതിനുശേഷം ഡിസ്പോസൽ കമ്മിറ്റിക്ക് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് സംസ്ഥാനത്തിനകത്തെ പബ്ലിക് സെക്ടർ ഡിസ്റ്റിലറികൾക്കോ മറ്റു ഡിസ്റ്റിലറികൾക്കോ ഫാർമസ്യൂട്ടിക്കൽസുകൾക്കോ കോമ്പോംഡിംഗ് ആന്റ് ബ്ലെന്റിംഗ് യൂണിറ്റുകൾക്കോ വിൽക്കാവുന്നതാണ്. ഇങ്ങനെ വിൽക്കുമ്പോൾ ട്രാൻസ്പോർട്ടേഷൻ ചെലവുകൾ വാങ്ങുന്നവർ നൽകേണ്ടതാണ്.

3. മിച്ചമുള്ള സ്പിരിറ്റ് സർക്കാർ ആശുപത്രികൾക്കോ വിദ്യാഭ്യാസ ശാസ്ത്ര സാങ്കേതിക വകുപ്പുകളുടെ അംഗീകാരമുള്ള ഗവേഷണ സ്ഥാപനങ്ങൾക്കോ പ്രശസ്തമായ വേദന സംഹാര യൂണിറ്റുകൾക്കോ അതാതു സ്ഥാപനങ്ങളുടെ മേലധികാരികൾ ആവശ്യപ്പെടുകയാണെങ്കിൽ സൗജന്യമായി നൽകാവുന്നതാണ്.

4. ഇങ്ങനെ സ്പിരിറ്റ് ഡിസ്പോസ് ചെയ്യുമ്പോൾ സർക്കാരിന്റെ ചീഫ്/റീജിയണൽ കെമിക്കൽ എക്സാമിനറുടെ സർട്ടിഫിക്കറ്റിന് മുൻതൂക്കം നൽകുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ വിൽപ്പന നടത്തുന്ന സ്പിരിറ്റിന് വില, എക്സൈസ് ഡ്യൂട്ടി, ഗ്യാലനേജ്ഫീ, ടാക്സ് എന്നിവ ഈടാക്കാറുണ്ട്.

5. മേൽപ്പറഞ്ഞ രീതിയിൽ ഡിസ്പോസ് ചെയ്യാൻ കഴിയാത്ത സ്പിരിറ്റ് സർക്കാരിന്റെ അനുവാദത്തോടെ നിയമപ്രകാരം നശിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അബ്കാരി കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ

1. വാഹനങ്ങളുടെ കണ്ടുകെട്ടൽ നടപടികൾ പൂർത്തിയായശേഷം അതാതു ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ മെക്കാനിക്കൽ എൻജിനീയറോ, അല്ലെങ്കിൽ പി.ഡബ്ലിയു.ഡി.-യിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറോ അതിനുമുകളിലുള്ള ഉദ്യോഗസ്ഥരോ നിർണ്ണയിക്കുന്ന കമ്പോളവിലയെ അടിസ്ഥാനമാക്കി പരസ്യമായി ലേലം ചെയ്തു വിൽക്കുകയാണ് ചെയ്യുന്നത്.

2. പിടിച്ചെടുക്കുന്ന വാഹനങ്ങൾ വിശദമായ അന്വേഷണം നടത്തി സർക്കാരിലേയ്ക്ക് കണ്ടുകെട്ടപ്പെടേണ്ടതല്ലായെന്ന് അതാതു ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്കോ അഡീഷണൽ എക്സൈസ് കമ്മീഷണർക്കോ ബോദ്ധ്യപ്പെട്ടാൽ എക്സൈസ് കമ്മീഷണറുടെ അംഗീകാരത്തിനു വിധേയമായി വാഹന ഉടമയ്ക്ക് സ്ഥിരമായി വിട്ടുകൊടുക്കുന്നു.

3. പിടിച്ചെടുക്കുന്ന വാഹനങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനു പകരമായി അതിന്റെ കമ്പോള വില പിഴയായി നൽകാൻ വാഹന ഉടമ തയ്യാറായാൽ ടി വാഹനം സ്ഥിരമായി ഉടമയ്ക്ക് വിട്ടുകൊടുക്കുന്നു.

4. കമ്പോള വിലയ്ക്ക് തുല്യമായ തുകയുടെ ക്യാഷ് സെക്യൂരിറ്റി ഡിപ്പോസിറ്റിന്മേൽ വാഹനം വ്യവസ്ഥകൾക്കു വിധേയമായി ഉടമസ്ഥന് താൽക്കാലികമായി വിട്ടുകൊടുക്കുന്നു.

മറ്റ് തൊണ്ടിമുതലുകൾ:

കള്ള്, വാഷ് എന്നിവ നശിപ്പിക്കുകയും മറ്റുതൊണ്ടി മുതലുകൾ കോടതികളിലെ കേസുകൾ തീരുന്ന മുറയ്ക്ക് ഡിസ്പോസൽ കമ്മിറ്റി തീരുമാനം അനുസരിച്ച് നശിപ്പിക്കുന്നു. പിടിച്ചെടുക്കുന്ന വിലപിടിപ്പുള്ള തൊണ്ടിമുതലുകൾ പരസ്യമായി ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നു.

(സി) ഈ കാര്യം പരിഗണനയിലാണ്.

(ഡി) യഥാസമയങ്ങളിൽ തന്നെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയും ഡി.പി.സി. കൂടിയും എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ പ്രമോഷൻ വൈകിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഇ) റെയ്ഡിനു പോകുന്ന ഉദ്യോഗസ്ഥന്മാർക്ക് ആശയവിനിമയം സാദ്ധ്യമാക്കുന്ന 1:1 വയർലെസ് സെറ്റുകൾ നൽകുന്നതിനുള്ള നടപടി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർവരെയുള്ള ഉദ്യോഗസ്ഥന്മാർക്ക് മൊബൈൽഫോൺ നൽകിയിട്ടുണ്ട്. കൂടാതെ സർക്കിൾ ഇൻസ്പെക്ടർവരെയുള്ളവർക്ക് റിവോൾവറും നൽകിയിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർമാർക്കുകൂടി റിവോൾവർ നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. വകുപ്പിനു പുതിയ വാഹനങ്ങൾ നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly